LIBRARY ARCHIVES Kerala Legislative Assembly

കുണ്ടറ മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

290(2327) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്ന് അറിയിക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (എ)* -യിൽ ചേർത്തിരിക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവ തരംതിരിച്ച് വിശദമാക്കാമോ?

വിശദാംശം അനുബന്ധം (ബി)* -യിൽ ചേർത്തിരിക്കുന്നു.

കേരള ഫിഷറീസ് സർവ്വകലാശാല ഡീൻ തസ്തിക

291(2328) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാല ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് അനുബന്ധ ചട്ടങ്ങൾ നിലവിലുണ്ടോ; ചട്ടങ്ങൾ ലംഘിച്ച് പ്രസ്തുത തസ്തികയിൽ വൈസ് ചാൻസലറുടെ ഭാര്യയെ നിയമിച്ചിരുന്നോ?

ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാലയിൽ ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ഇന്റർവ്യൂവിൽ വൈസ് ചാൻസലർ പങ്കെടുത്തുവോയെന്നും ആരാണ് അദ്ധ്യക്ഷത വഹിച്ചതെന്നും അറിയിക്കുമോ; സർവ്വകലാശാല ചട്ടമനുസരിച്ച് ഫിഷറീസ് വൈസ് ചാൻസലർ അല്ലാതെ മറ്റൊരാൾ കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ചത് നിയമാനുസൃതമാണോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്റർവ്യൂവിൽ കൺഫോസ് വൈസ് ചാൻസലർ പങ്കെടുത്തിരുന്നില്ല. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല വൈസ് ചാൻസലറാണ് അദ്ധ്യക്ഷത വഹിച്ചത്. കൺഫോസ് വൈസ് ചാൻസലറുടെ ഭാര്യ അപേക്ഷകയായതിനാൽ, കൺഫോസ് വൈസ് ചാൻസലറിനുപകരം മറ്റൊരു വൈസ് ചാൻസലറാണ് അദ്ധ്യക്ഷനായത്.

തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം

292(2329) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പയ്യന്നൂരിൽ നിർമ്മിക്കുന്ന തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പയ്യന്നൂർ പുതിയ ബസ്സ്റ്റാന്റിന് സമീപം നിർമ്മിക്കുന്ന തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ ജോലികൾ 35% പൂർത്തിയായിട്ടുണ്ട്. രണ്ടുനിലകളുടെ കോൺക്രീറ്റിംഗ് പൂർത്തിയായി. മൂന്നാമത്തെയും അവസാനത്തേതുമായ നിലയുടെ നിർമ്മാണം നടന്നുവരുന്നു.

(ബി) നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

2021 ഡിസംബർ മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഒളവണ്ണയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ

293(2330) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.